"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവൻരക്ഷാ ക്ലെയിം - കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് /വിജ്ഞാന മുദ്രണം പ്രസ്സിൽ ലാസ്കർ ഗ്രേഡ് 2 സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തു വരവെ 14.05.2024-ൽ മരണപ്പെട്ട (സ്വാഭാവിക മരണം) തങ്കി.കെ-യുടെ ജീവൻരക്ഷാ ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1928/2026/ധന** **തീയതി, തിരുവനന്തപുരം, 25/02/2026**

പരാമർശം :-
1. 23/11/2010 -ലെ സ.ഉ.(പി) നം. 616/2010/ധന.
2. 22/02/2023-ലെ സ.ഉ (അച്ചടി) നം. 17/2023/ധന
3. 18/11/2023 ലെ സ.ഉ (അച്ചടി ) നം. 112/2023 ധന
4. ശ്രീ. സത്യവാൻ.എസ് ധനകാര്യവകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. ഇൻഷ്വറൻസ് ഡയറക്ടറുടെ 24/09/2025 തീയതിയിലെ ഇൻഷ്വ/ ജീവൻരക്ഷ /എം.5/ഇ.712995 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്/വിജ്ഞാന മുദ്രണം പ്രസ്സിൽ ലാസ്കർ ഗ്രേഡ് 2 സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തു വരവെ 14.05.2024 ൽ മരണപ്പെട്ട (സ്വാഭാവിക മരണം) തങ്കി.കെ-യുടെ ജീവൻ രക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ ഭർത്താവായ ശ്രീ.സത്യവാൻ.എസ് ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ തങ്കി.കെ-യുടെ ജീവൻരക്ഷാ ക്ലെയിം പരിശോധിച്ചതിൽ നിന്നും ടിയാൾ 2024 വർഷത്തേയ്ക്കുള്ള ജീവൻ രക്ഷാ പ്രീമിയം ഇനത്തിൽ 1000/- രൂപ ഒടുക്കി പദ്ധതിയിൽ അംഗത്വം നേടിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ക്ലെയിം അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി സാഹചര്യത്തിൽ, ശ്രീ.സത്യവാൻ.എസ് പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12(ഡി) പ്രകാരം അപേക്ഷകനെയും ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും, 2022 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നുമാണ് ഒടുവിലായി തങ്കിയുടെ GPAIS പ്രീമിയം ഈടാക്കിയിട്ടുള്ളതെന്നും 2023 ഫെബ്രുവരി വരെയുള്ള ശമ്പളമാണ് ടിയാൾ കൈപ്പറ്റിയിട്ടുള്ളതെന്നും അതിനു ശേഷം ശൂന്യവേതന അവധിയിലായിരുന്നതിനാലാണ് 2023 നവംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും ഒടുക്കേണ്ടിയിരുന്ന 2024 വർഷത്തേയ്ക്കുള്ള GPAIS പ്രീമിയം ഒടുക്കി അംഗത്വം പുതുക്കിയിട്ടില്ലാത്തത് എന്നും, മാനസിക പ്രശ്നങ്ങളാലും കരൾ അസുഖബാധിതയായും ശൂന്യവേതനാവധിയിലിരുന്ന കാലയളവിലാണ് ടിയാൾ പ്രീമിയം തുക ഒടുക്കാതിരുന്നത് എന്നതും, ടിയാൾ അംഗപരിമിതയായിരുന്ന ജീവനക്കാരിയായിരുന്നു എന്നത് കണക്കിലെടുത്തും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി, സൂചന (3) പ്രകാരം ജീവൻരക്ഷാ പദ്ധതി പ്രകാരം സ്വാഭാവിക മരണത്തിന് അനുവദിക്കാവുന്ന 5 ലക്ഷം രൂപയുടെ പകുതി തുകയായ 2.5 ലക്ഷം രൂപ (രണ്ടര ലക്ഷം രൂപ ) ടിയാളുടെ അവകാശിയ്ക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീ. സത്യവാൻ.എസ്, കുമ്മിയിൽ പുത്തൻവീട് , ഇരുമ്പ , അരുവിക്കര പി.ഒ
തിരുവനന്തപുരം - 695564
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3175954/(വിദ്യാ-സി3)/എസ്റ്റാ-ഡി3/132/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ